## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമങ്ങൾ.

വിഷയം - ആ.വ.ഡ - ആരോഗ്യവകുപ്പിലെ ക്ലാർക്കുമാരുടെ 1/1/2009 മുതൽ 31/12/2013 വരെയുള്ള കാലയളവിലെ സിനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി ശ്രീ. മനോജ് പി.ആർ.ൻെറ അപേക്ഷ പരിഗണിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന - (1)16.5.2017 ലെ എറണാകുളം ജില്ലാ മെഡിക്കൽ ആഫീസറുടെ എ2/21498/16 നംപർ കത്ത്.

(2) എറണാകുളം ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ 15.5.2010 ലെ അഡ്വൈസ് നംപർ ഇ.വി.(2) 459/07.

(3) എറണാകുളം ജില്ലാ മെഡിക്കൽ ആഫീസറുടെ 7.6.2012ലെ എ2/13417/10 നമ്പർ ഉത്തരവ്.

(4) എറണാകുളം ജില്ലാ മെഡിക്കൽ ആഫീസറുടെ 19.9.2013ലെ എ2/17469/2013 നംപർ ഉത്തരവ്.

(5) 26.6.2015ലെ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ ഇ.എസ്2/ 88500/2014 നംപർ ഉത്തരവ്.

(6) ഈ ഓഫീസിലെ ഇതേ നമ്പർ നോട്ടീസ് തീ: 13.12.2017.

## ഉത്തരവ് നം.ഇ.എസ്2-88500/2014/ആ.വ.ഡ/തീയതി.19/01/2018.

ആരോഗ്യവകുപ്പിലെ ക്ലാർക്കുമാരുടെ 1/1/2009 മുതൽ 31/12/2013 വരെയുള്ള കാലയളവിലെ സിനിയോറിറ്റി പട്ടികയിൽ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി ആരക്കുന്നം പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ക്ലാർക്ക് ശ്രീ. മനോജ് പി.ആർ.ൻെറ അപേക്ഷ സൂചന 1 പ്രകാരം അയച്ച് തന്നിരുന്നു.

ശ്രീ. മനോജ് പി.ആർ. സൂചന 2 പ്രകാരം എറണാകുളം പി.എസ്.സി.യുടെ നിയമന ശുപർശയുടേയും സൂചന 3 പ്രകാരം എറണാകുളം ജില്ലാ മെഡിക്കൽ ആഫീസറുടെ നിയമന ഉത്തരവിൻേറയും അടിസ്ഥാനത്തിൽ 23.6.2010ൽ സർവ്വീസിൽ പ്രവേശിച്ചു. തുടർന്ന് 23.8.2012ൽ ടിയാൻ പരിവിഷാകാലം പൂർത്തീകരിക്കുകയും ചെയ്തു.

സൂചന 4 പ്രകാരമുള്ള ക്ലാർക്കുമാരുടെ 1/1/2009 മുതൽ 31/12/2013 വരെയുള്ള കാലയളവിലെ ~~ക്ലാർക്കുമാരുടെ~~ സീനിയോറിറ്റി പട്ടികയിൽ ടിയാനെ 87 (എ) നമ്പരായി ഉൾപ്പെടുത്തുന്നതിന് താൽകാലികമായി തീരുമാനിച്ച് സൂചന 6 പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു.

പ്രസ്തുത തീരുമാനത്തിനെതിരെ ആരും തന്നെ ആക്ഷേപങ്ങൾ ഒന്നും സമർപ്പിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ ശ്രീ. മനോജ് പി.ആർ.നെ ക്ലാർക്കുമാരുടെ 1/1/09 മുതൽ 31/12/2013 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ 87എ ആയി ഉൾപ്പെടുത്തുന്നതിന് താൽകാലികമായി തീരുമാനിച്ചിരുന്നത് സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

| SL No | Name | Pen No | Date of Birth | Qualification | Date of Advice of PSC Govt Order & Approved order no of DHS/DMOH | Date of joining | Date reckoned for seniority | Probation declared or not | Existing rank no | New rank No |
|---|---|---|---|---|---|---|---|---|---|---|
| 1 | Smitha E.S. | 491065 | 7.5.78 | PDC MOP 1/11 AT(L)1/12 | Ad Noev(2) 459/07/KPSC Ekm dtd 15/5/10 and A2/13417/10/DMOH Ekm dtd 7.6.10 | 17.6.10 | 15.5.10 | Yes | 87 | 87 |
| 2 | Manoj P.R. | 489938 | 27.5.79 | BSC BEd AT(L) 7/17 | Ad No. EV(2) 459/07/KPSC Ekm dtd 15/5/10 and A2/13417/10/DMOH Ekm dtd 7/6/10 | 23.6.10 | 15.5.10 | Yes | Nil | 87A |
| 3 | Shymol Krishnan | 441013 | 16.2.83 | SSLC MOP 7/11 | Ad No. EV(2)459/07/KPSC Ekm dtd 15/5/10 and A2/13417/10/DMOH Ekm Dtd 7.6.10 | 25.6.10 | 15.5.10 | Yes | 88 | 88 |

(ഒപ്പ്)
ശ്രീ. സി.എം. അജയമോഹൻ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്

പകർപ്പ്

1) ശ്രീ. മനോജ് പി.ആർ. എൽ.ഡി. ക്ലാർക്ക്
2) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
3) മെഡിക്കൽ ആഫീസർ പി.എച്ച്.സി. ആരക്കുന്നം
4) ഫയൽ/കരുതൽ ഫയൽ

// അംഗീകാരത്തോടെ //

സൂപ്രണ്ട്.